**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത റഗുലേറ്ററുകളുടെ നവീകരണത്തിന് ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 7.32 കോടി രൂപയും 4.46 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഏനാമാക്കൽ റഗുലേറ്ററിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ 02/08/2021ന് ടെണ്ടർ തുറക്കത്തക്കവിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ ഏർപ്പെട്ടതിനുശേഷം പുഴയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യമുണ്ടാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇടിയഞ്ചിറ റഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് KERI പീച്ചി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നവീകരണപ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി മെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾക്കായി യഥാക്രമം 7.32 കോടി രൂപയും 4.46 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഏനാമാക്കൽ റഗുലേറ്ററിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ 02/08/2021ന് ടെണ്ടർ തുറക്കത്തക്കവിധത്തിൽ നാലാം തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ നിർമ്മാണ കരാറിൽ ഏർപ്പെട്ടതിനുശേഷം പുഴയിൽ ജലനിരപ്പ് കുറഞ്ഞ് അനുകൂല സാഹചര്യമുണ്ടാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. ഇടിയഞ്ചിറ റഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച റിപ്പോർട്ട് KERI പീച്ചി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ